# ദഅ്‌വത്തും സംഘടനാസംവിധാനവും

**എം. എം. അക്ബർ**

‘പ്രവാചകന്മാരും സച്ചരിതരായ മുൻഗാമികളും പഠിപ്പിച്ച പാതയാണല്ലോ ദഅ്‌വത്തിന്റെ രംഗത്തുള്ളവർ പിൻപറ്റേണ്ടത്. സലഫുകളിൽ ഒരാളും ദഅ്‌വത്തിനുവേണ്ടി സംഘടനയുണ്ടാക്കിയിട്ടില്ലല്ലോ. അപ്പോൾ ദഅ്‌വത്തിന് എന്ന പേരിൽ ഇന്ന് നിലനിൽക്കുന്ന സംഘടനകളെല്ലാം പിഴച്ച ബിദ്അത്തല്ലേ’?

‘ബിദ്അത്ത് എന്നാൽ എന്താണ് എന്നതിനെക്കുറിച്ച തെറ്റിദ്ധാരണയാണ് ഈ സംശയത്തിന് നിദാനം. മതകാര്യങ്ങളിൽ പുതുതായി ഉണ്ടാക്കുന്നതെല്ലാം ബിദ്അത്താണ്, സംശയമൊന്നുമില്ല. ദഅ്‌വത്ത് മതകാര്യമാണ് താനും. അതുകൊണ്ടുതന്നെ ദഅ്‌വത്തിന്റെ രീതിശാസ്ത്രം പ്രവാചകന്മാർ പഠിപ്പിച്ചതുപോലെ തന്നെയാവണം; അപ്പോൾ സംഘടന ബിദ്അത്താകുമോ? മുസ്‌ലിം സമുദായത്തിന്റെ ഉത്തരവാദിത്തമാണ് ദഅ്‌വത്തെന്നാണ് ഖുർആൻ പഠിപ്പിക്കുന്നത് (3:104, 3:110). അല്ലാഹുവിന്റെ പാശത്തിൽ മുറുകെപിടിച്ച് ഭിന്നിക്കാതിരിക്കുവാനും (3:103, 8:46, 3:105) പുണ്യത്തിലും ധർമനിഷ്ഠയിലും പരസ്പരം സഹായിക്കുവാനുമാണ് (5: 2) മുസ്‌ലിം സമൂഹത്തോടുള്ള ഖുർആനിന്റെ അനുശാസന. ദഅ്‌വത്തിന്റെ രംഗത്ത് പ്രവാചകന്മാരടക്കം പരസ്പര സഹായമാവശ്യപ്പെടുകയും ചെയ്തിരുന്നതായി ഖുർആൻ വ്യക്തമാക്കുന്നുണ്ട്. മൂസാ(അ)നബിയെ സഹായിച്ച ഹാറൂൻ (അ) നബിയെക്കുറിച്ച പരാമർശങ്ങളിലും ഈസാ(അ)നബി ഹവാരികളോട് ദൈവമാർഗത്തിൽ സഹായിക്കണമെന്ന് അഭ്യർത്ഥിച്ചതായുള്ള പ്രസ്താവനകളിലുമെല്ലാം ഇക്കാര്യമാണ് ഖുർആൻ പഠിപ്പിക്കുന്നത്. മുആദുബ്ൻ ജബലി(റ)നെയും അബൂമൂസൽ അശ്അരി( റ)യെയും യമനിലേക്ക് ദഅ്‌വത്തിനായി പറഞ്ഞയച്ചപ്പോൾ അവരോട് റസൂൽ(ല) ഉപദേശിച്ചത് ‘പരസ്പരം സഹകരിക്കുക; ഭിന്നിക്കരുത്’ എന്നായിരുന്നു (ബുഖാരി മുസ്‌ലിം). മൂന്നുപേർ ഒന്നിച്ച് യാത്ര ചെയ്യുമ്പോൾപോലും ഒരാളെ നേതാവാക്കണമെന്നാണ് പ്രവാചകൻ(സ) പഠിപ്പിച്ചത്. സംഘടിതമായി നിലകൊള്ളാനും ഭിന്നതയെ സൂക്ഷിക്കുവാനും മുസ്‌ലിം സമുദായത്തോട് അദ്ദേഹം ഉപദേശിക്കുകയും ചെയ്തു (തിർമിദി).

ദഅ്‌വത്തിന്റെ രംഗത്ത് പരസ്പരം സഹകരിച്ച് കൂട്ടായ്മയോടെ നിലനിൽക്കണമെന്ന പ്രവാചകന്റെ( സ) നിർദേശം പിൻപറ്റിയവരായിരുന്നു സലഫുകൾ. ഇസ്‌ലാമിക രാഷ്ട്രസംവിധാനത്തിൽ ഈ കൂട്ടായ്മയുടെ ഉത്തരവാദിത്തവും നേതൃത്വവും രാഷ്ട്രസംവിധാനത്തിന് കീഴിലായിരിക്കും. ഇസ്‌ലാമിക രാഷ്ട്രസംവിധാനം നിലവിലില്ലാത്ത സ്ഥലങ്ങളിൽ ദഅ്‌വത്ത് നിലനിൽക്കുവാനാവശ്യമായ കൂട്ടായ്മക്ക് രൂപം നൽകേണ്ടത് അവിടെയുള്ള മുസ്‌ലിം സമൂഹമാണ്. പ്രസ്തുത കൂട്ടായ്മയാണ് സംഘടന. അതുകൊണ്ടുതന്നെ അത് ബിദ്അത്താണെന്ന് പറയാൻ പ്രമാണങ്ങളുടെയോ പ്രാമാണികരായ പണ്ഡിതരുടെയോ പിന്തുണയില്ല’.

‘സംഘടനക്ക് സലഫുകളുടെ മാതൃകയുണ്ടെന്നാണല്ലോ താങ്കളുടെ വാദം. ആരായിരുന്നു സലഫുകളുടെ സംഘടനയുടെ ഡയറക്ടർ....? ജനറൽ സെക്രട്ടറി.....’?

‘മതവിഷയങ്ങൾ കൈകാര്യം ചെയ്യുന്നത് കാര്യം മനസ്സിലാക്കാനാണെങ്കിൽ ഗൗരവത്തോടെ വിഷയങ്ങളെ സമീപിക്കണം-പരിഹാസം ആർക്കും ഒരുപകാരവുമുണ്ടാക്കുകയില്ല. പരസ്പര സഹകരണത്തോടെയാണ് ദഅ്‌വത്ത് ചെയ്യേണ്ടതെന്ന് പഠിപ്പിച്ച പ്രവാചകനുനേരെയാണ് താങ്കളുടെ പരിഹാസമെന്ന് മനസ്സിലാക്കുക. അന്ന് ഡയറക്ടറേറ്റും ജനറൽ സെക്രട്ടറിയും ഇന്നത്തെ സംഘടനാ സംവിധാനങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് ആർക്കാണ് അറിയാത്തത്? ദഅ്‌വത്തിന് കൂട്ടായ്മയാകാമെന്ന് പ്രവാചക വചനങ്ങളിൽനിന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ പ്രസ്തുത കൂട്ടായ്മയുടെ നിർവഹണം അതാത് സമൂഹങ്ങളിൽ എങ്ങനെയാകാമെന്ന് ഓരോകാലത്തെയും പ്രദേശത്തെയും മുസ്‌ലിംകളാണ് തീരുമാനിക്കുക. അടിസ്ഥാന സംഗതി മതം അംഗീകരിക്കുകയും വിശദാംശങ്ങൾ നന്മയ്ക്കനുസരിച്ച് സമൂഹം രൂപപ്പെടുത്തുകയും ചെയ്യേണ്ട പല കാര്യങ്ങളുമുണ്ട്. പ്രസ്തുത കാര്യങ്ങൾ മതവിരുദ്ധമാവരുത് എന്നേയുള്ളൂ. പള്ളികളുടെയും മദ്രസകളുടെയും നടത്തിപ്പിന് വേണ്ടിയുണ്ടാക്കിയ മഹല്ല് സംവിധാനം, ഇസ്‌ലാമിക പഠനത്തിനുവേണ്ടി സ്വീകരിച്ചിട്ടുള്ള സ്ഥാപന സംവിധാനങ്ങൾ തുടങ്ങിയവയെല്ലാം ഇങ്ങനെയുള്ളവയാണ്. അവയ്ക്കൊന്നും അതേ രൂപത്തിൽ സലഫുകളുടെ മാതൃകയുണ്ടാവില്ല. സലഫുകൾ സ്ഥാപിച്ച യൂണിവേഴ്സിറ്റിയുടെ ചാൻസലർ ആരായിരുന്നു

വെന്നും കോളേജിന്റെ പ്രിൻസിപ്പൽ ആരായിരുന്നുവെന്നും അവർക്ക് പുസ്തകം വായിച്ച് അർഥം പറഞ്ഞുകൊടുത്തത് ആരായിരുന്നുവെന്നുമെല്ലാമുള്ള ചോദ്യം പോലെയുള്ള ഒരു പരിഹാസ ചോദ്യമാണ് താങ്കൾ ഉന്നയിച്ചിരിക്കുന്നത്'.

'ദഅ്‌വത്ത് നിലനിൽക്കണമെങ്കിൽ സംഘടനാസംവിധാനം അനിവാര്യമാണെന്നാണോ താങ്കൾ പറയുന്നത്?'

'അങ്ങനെ ഞാൻ പറഞ്ഞില്ല. വ്യക്തികൾക്കും സ്വതന്ത്രമായി ദഅ്‌വത്ത് നടത്താവുന്നതാണ്. എന്നാൽ പ്രവാചകൻ(സ) പഠിപ്പിച്ച രീതിയിൽ സമൂഹത്തെ സമഗ്രമായി സ്പർശിക്കുന്ന രൂപത്തിലുള്ള പ്രബോധന പ്രവർത്തനങ്ങൾ നിലനിൽക്കണമെങ്കിൽ മുസ്‌ലിം സമൂഹത്തിലെ എല്ലാതരം ആളുകളുടെയും സഹകരണവും കൂട്ടായ്മയും അനിവാര്യമാണ്. പീടികമുറിയിൽ നടക്കുന്ന പുസ്തക പാരായണം മാത്രമാണ് ദഅ്‌വത്ത് എന്ന് കരുതുന്നവർക്ക് കൂട്ടായ്മയുടെ പ്രാധാന്യം ബോധ്യപ്പെട്ടെന്ന് വരികയില്ല. ഒരു മതനിരപേക്ഷസമൂഹത്തിൽ പ്രബോധന പ്രവർത്തനങ്ങൾ നിലനിൽക്കണമെങ്കിൽ ഒരുപാട് കാര്യങ്ങൾ ആവശ്യമാണ്. പലതരം കഴിവുകളുള്ളവരുടെയും കൂട്ടായ പ്രവർത്തനങ്ങൾ അനിവാര്യമാണ്. ഇങ്ങനെയുള്ള കൂട്ടായ പ്രവർത്തനമുണ്ടാകുമ്പോൾ അതിന് നേതൃത്വം വേണമെന്നാണ് പ്രവാചകൻ(സ) പഠിപ്പിച്ചത്. നേതൃത്വമുള്ള കൂട്ടായ്മയാണ് സംഘടന. അതാണ് ഞാൻ പറഞ്ഞത്'.

'സംഘടനയുണ്ടാവുമ്പോൾ സംഘടനാ സങ്കുചിതത്വവും നേതാവ് പറഞ്ഞതെല്ലാം പ്രമാണങ്ങളൊന്നും നോക്കാതെ അനുസരിക്കുന്ന സ്വഭാവവുമെല്ലാം ഉണ്ടാവില്ലേ...?'

'സംഘടനയിൽ മാത്രമല്ല വ്യക്തിബന്ധങ്ങളിലും ഇത്തരം തിന്മകൾ വന്നുഭവിക്കാറുണ്ട്. ഒരാളെ അന്ധമായി പിൻപറ്റുമ്പോൾ-അത് സംഘടനാ നേതൃത്വമാണെങ്കിലും ഒറ്റയാനായ പണ്ഡിതനാണെങ്കിലും- അത് ഇസ്‌ലാം വിരുദ്ധമായിത്തീരുന്നു. ചോദ്യം ചെയാതെ പിൻപറ്റേണ്ട ഒരേയൊരു നേതാവേ മുസ്‌ലിംകൾക്കുള്ളൂ; അത് മുഹമ്മദ് നബി(സ)യാണ്. വർഗീയത (ഹിസ്ബിയ്യത്ത്) പ്രവാചകൻ(സ) വിലക്കിയതാണ്. അത് സംഘടനാ സംവിധാനത്തിന്റേതാണെങ്കിലും സാമുദായികമാണെങ്കിലും കുടുംബപരമാണെങ്കിലുമെല്ലാം വിലക്കപ്പെട്ടതാണ്. തന്റെ സംഘടനയിൽപെട്ടയാൾ എന്ത് തെറ്റ് ചെയ്താലും അത് ന്യായീകരിക്കുന്നത് വിഭാഗീയതയാണ്; തനിക്ക് പുസ്തകം വായിച്ച് അർഥം പറഞ്ഞുതരുന്നയാൾ എന്ത് പറഞ്ഞാലും അത് അപ്പടി പ്രമാണബദ്ധമാണോയെന്ന് പരിശോധിക്കാതെ സ്വീകരിക്കുന്നത് അന്ധമായ അനുകരണമാണ്. തനിക്ക് ഇഷ്ടപ്പെട്ടയാൾ പറയുന്നത് മാത്രം ശരിയെന്ന് ശഠിക്കുന്നത് ഒരുതരം അനുരാഗാത്മകഭ്രമമാണ്. ഇതെല്ലാം വെറുക്കപ്പെടേണ്ടതാണ്. വ്യക്തിബന്ധങ്ങളിലും കുടുംബബന്ധത്തിലും സംഘടനാ ബന്ധത്തിലുമെല്ലാം ഇത്തരം തിന്മകൾ കടന്നുവരാൻ സാധ്യതയുണ്ട്. അവ കടന്നുവരാതെ സൂക്ഷിക്കേണ്ടത് അല്ലാഹുവിന്റെ പ്രീതി ഉദ്ദേശിച്ച് മതപ്രബോധന രംഗത്ത് നിലനിൽക്കുന്നവരുടെയെല്ലാം കടമയാണ്'.